# DESABHIMANI
# 28 August 2018
# Munnar: Funeral

## രക്ഷാപ്രവർത്തനത്തിനിടെ മരിച്ച സൈനികന്റെ സംസ്കാരം നാളെ

**മാന്നാർ**

പ്രളയക്കെടുതിയിലെ രക്ഷാപ്രവർത്തനത്തിനിടെ മരിച്ച സൈനികൻ ചെന്നിത്തല പഞ്ചായത്ത് തൃപ്പെരുന്തുറ നാമങ്കേരിൽ പുത്തൻവീട്ടിൽ അപ്പുക്കുട്ടന്റെയും ലീലയുടെയും മകൻ അനീഷിന്റെ (36) സംസ്കാരം ബുധനാഴ്ച പകൽ രണ്ടിന് വീട്ടുവളപ്പിൽ നടക്കും.



അനീഷ്

കഴിഞ്ഞ 18 ന് ഉണ്ടായ പ്രളയക്കെടുതിയിൽ അകപ്പെട്ട കുടുംബങ്ങളിലുള്ളവരെ രക്ഷപ്പെടുത്തുന്നതിനിടെയാണ് രണ്ടാം ബ്ലോക്ക് പാടശേഖരത്തിലെ കുത്തൊഴുക്കിൽപ്പെട്ട് വള്ളം മുങ്ങി അനീഷ് മരിച്ചത്. സിപിഐ എം ബ്രാഞ്ച് സെക്രട്ടറി കെ പ്രസാദിന്റെ നേതൃത്വത്തിൽനാട്ടുകാരും, പൊലീസും, ഫയർഫോഴ്സും നടത്തിയ തെരച്ചിലിനൊടുവിൽ 20നാണ് മൃതദേഹം കണ്ടെത്തിയത്. പോസ്റ്റുമോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകി. ഇന്ത്യൻ ആർമിയിൽ 13 വർഷമായി ജോലിചെയ്യുന്ന അനീഷ് ജമ്മു കാശ്മീരിലെ ബരാമുള്ളയിൽ രാഷ്ട്രീയ റൈഫിളിലെ 52-ാം ബറ്റാലിയനിലെ അംഗമാണ്. കാലിന്റെ മുട്ടുവേദനയുടെ ചികിത്സയ്ക്കായി മിലിട്ടറി ആശുപത്രിയിൽ ചികിത്സ കഴിഞ്ഞ് വിശ്രമത്തിനായി അവധിക്ക് നാട്ടിൽ എത്തിയതായിരുന്നു. ഭാര്യ: സേതു അനീഷ്. മകൻ: മൂന്നുവയസ്സുള്ള സിദ്ധാർഥൻ.